സേവനാവകാശ നിയമം

16 (3647) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കാത്ത എത്ര വകുപ്പുകളെക്കൂടി പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് മുൻപ് ഓരോ വകുപ്പിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ വിശദമായ വർക്ക് സ്റ്റഡി നടന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ സേവനം നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന സേവനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിന്റെ 2(ജി) വകുപ്പിൽ പരാമർശിച്ചിരിക്കുന്നതും പ്രസ്തുത നിയമത്തിന്റെ 3-ാം വകുപ്പ പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടേണ്ടതുമായ സേവനങ്ങൾ നൽകുന്ന എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ഇപ്രകാരമുള്ള സേവനങ്ങൾ നൽകുന്ന ഒരു വകുപ്പിനേയും ടി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(ബി) ഇല്ല. ഓരോ വകുപ്പിൽനിന്നും നൽകുന്ന വിവിധ സേവനങ്ങൾ എത്ര സമയപരിധിക്കുള്ളിൽ നൽകാൻ കഴിയും എന്ന് വ്യക്തമായി നിശ്ചയിക്കാൻ കഴിയുന്നത് അതത് വകുപ്പുകൾക്ക്/സ്ഥാപനങ്ങൾക്ക് തന്നെയായതിനാൽ, സേവനങ്ങൾ നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് അതത് വകുപ്പുകൾ/സ്ഥാപനങ്ങൾ തന്നെയാണ്.

(സി) 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിന്റെ 2(ജി) വകുപ്പിൽ പരാമർശിക്കുന്നതും പ്രസ്തുത നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടേണ്ടതുമായ സേവനങ്ങൾ നൽകുന്ന വകുപ്പുകൾ അത്തരം സേവനങ്ങൾ നൽകുന്നതിനുള്ള സമയപരിധി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആയത് ഓഫീസുകളിൽ പ്രദർശിപ്പിക്കേണ്ടതുമുണ്ട്. ഈ വിജ്ഞാപനങ്ങൾ അതത് വകുപ്പുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംസ്ഥാനത്തെ 117 വകുപ്പുകളിലെ സേവനം സംബന്ധിച്ച് അതത് വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് സർക്കാർ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly